# സ്ത്രീകൾക്ക് വേണ്ടി എന്താണ് സമുദായനേതൃത്വം ചെയ്യുന്നത്?

**കോടിക്കണക്കിന്** രൂപയുടെ വഖ്ഫ് സ്വത്തുണ്ട് പള്ളികൾക്കും മറ്റും. അത് ഫലപ്രദമായി ഉപയോഗിക്കുന്നതിലുള്ള ആസൂത്രണമില്ലായ്മയും സമുദായത്തെ ശരിയായ ദിശയിലേക്ക് നയിക്കാൻ ഇഛാശക്തിയുള്ള നേതൃത്വത്തിന്റെ അഭാവവുമാണ് സമുദായത്തിന്റെ അധഃപതന ഹേതുക്കളിൽ മുഖ്യമായത്. മഹല്ലുകളും അതിന്റെ ഭരണസംവിധാനവും പല സ്ഥലത്തും സജീവമാണ്. പക്ഷേ, ജുമുഅ, വിവാഹം, മരണാനന്തര ചടങ്ങുകൾ എന്നിവയിലാണ് അവരുടെ പ്രധാന ശ്രദ്ധ. എന്നാൽ ഇവരുടെ ഉത്തരവാദിത്വം ഇതിൽ പരിമിതമാണോ?

18–20 വയസ്സാകുമ്പോൾ പെൺകുട്ടികളെ വിവാഹം ചെയ്തയക്കുന്നു. ഈ പെൺകുട്ടികൾക്ക് മിക്കവാറും ഭാര്യ, മാതാവ് എന്നീ ഉത്തരവാദിത്വങ്ങളെക്കുറിച്ച് വലിയ അറിവോ ബോധമോ ഉണ്ടാകാറില്ല. കുടുംബക്കാർ അതൊന്നും ശ്രദ്ധിക്കാറുമില്ല. ആകെ കൂടി എത്ര പവൻ ആഭരണങ്ങൾ/ ഏക്കർ/സെന്റ്/ലക്ഷം കിട്ടും എന്നു മാത്രമാണ് ഭർത്താവിന്റെ പക്ഷക്കാർ അന്വേഷിക്കുന്നത്. സ്വഭാവ മഹിമയോ ദീനീ ചിട്ടയോ വിദ്യാഭ്യാസമോ ചർച്ചാ വിഷയങ്ങളല്ല. സ്ത്രീധനത്തിന്റെ തുക കണക്കാക്കി നിശ്ചിത ശതമാനം മഹല്ലിനെ ഏൽപിച്ചാൽ മാത്രമേ ബാക്കി കാര്യങ്ങൾ നടക്കുകയുള്ളൂ. അല്ലാഹുവിന്റെ ഭവനങ്ങളിൽ സ്ത്രീകളുടെ മയ്യിത്തുകൾക്ക് പ്രവേശനം നൽകും. എന്നാൽ ജീവിച്ചിരിക്കുന്ന സ്ത്രീകൾക്ക് പ്രവേശനമില്ല. ഈ കാരണം കൊണ്ടു കൂടിയല്ലേ ഈ സമുദായത്തിലെ സ്ത്രീകൾ അധഃപതിച്ചത്.

സ്ത്രീകൾ നന്നായെങ്കിൽ മാത്രമേ സമൂഹം നന്നാകൂ. അതിനുള്ള വഴികൾ സമുദായത്തിലെ മുഴുവൻ സ്ത്രീകളെയും ലക്ഷ്യം വെച്ച് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. സമുദായത്തിലെ അധികാര സ്ഥാനത്തുള്ളവർ ഇത്തരം കാര്യങ്ങളെക്കുറിച്ച് ഉണർന്നു ചിന്തിക്കണം. സ്വാധീനവും ശക്തിയും ഉള്ളവർ സമൂഹ നന്മ കൂടി ലക്ഷ്യമാക്കണം. മഹല്ല് തലത്തിൽ വിദ്യാഭ്യാസ നിലവാരത്തെക്കുറിച്ച് പഠനം നടത്തി ലിസ്റ്റ് തയാറാക്കണം. മാസത്തിലൊരിക്കൽ മഹല്ലിൽ കുടുംബ കൂട്ടായ്മകൾ സംഘടിപ്പിക്കണം. മുതിർന്നവരുടെയും കുട്ടികളുടെയും പ്രശ്നങ്ങൾ അറിയാനും പരിഹാരം കാണാനുമുള്ള വേദികൾ ഉണ്ടാകണം. വിദ്യാഭ്യാസം, വിവാഹം, രോഗം, കുടുംബ പ്രശ്നങ്ങൾ എന്നിവ ചർച്ചാ വിഷയമാക്കണം.

മാനസിക പ്രശ്നങ്ങൾ മുതലായവ അഭിമുഖീകരിക്കുന്ന വ്യക്തികൾക്ക് മനഃശാസ്ത്രജ്ഞരെയോ ഡോക്ടർമാരെയോ സമീപിക്കാനുള്ള സൗകര്യം പള്ളികളോടനുബന്ധിച്ച് ഉണ്ടാകണം. മഹല്ലുകളിൽ സ്ത്രീ പ്രശ്നങ്ങൾ അവതരിപ്പിക്കാനും പരിഹാരം കണ്ടെത്താനും അവസരമുണ്ടാവുകയും സ്ത്രീ പ്രതിനിധികളെ മഹല്ല് കമ്മിറ്റികളിൽ പ്രത്യേക ക്ഷണിതാക്കളോ സ്ഥിരം അംഗങ്ങളോ ആക്കാനും മഹല്ല് നേതൃത്വം തയാറാകണം.

എസ്. റാഹില
അഴീക്കോട്, തിരുവനന്തപുരം

# വിമർശനവും അംഗീകാരവും

**ചരിത്രാധ്യാപകനും** *സിറാജ്* ദിനപത്രത്തിലെ കോളമിസ്റ്റുമായ ഡോ. ഹുസൈൻ രണ്ടത്താണി, 'തന്തക്കു പിറന്നവരും തള്ളിപ്പറഞ്ഞവരും' എന്ന ശീർഷകത്തിൽ എഴുതിയ ലേഖനത്തിൽ (*സിറാജ്* 25.5.2010) ലോക മുസ്‌ലിംകൾ ആദരിക്കുന്ന ശഹീദ് ഹസനുൽ ബന്നായെ തീവ്രവാദിയായി ചിത്രീകരിച്ചിരിക്കുന്നു. ഈജിപ്ഷ്യൻ തീവ്രവാദ പ്രസ്ഥാനത്തിന്റെ നേതാവ് ഹസനുൽ ബന്നായാണ് മൗദൂദി സാഹിബിന് പ്രചോദനം എന്നാണ് രണ്ടത്താണിയുടെ നിരീക്ഷണം. ഇഖ്‌വാന്റെ മുഖ്യശിൽപിയും സാമ്രാജ്യത്വ കിങ്കരന്മാരുടെ കൈകളാൽ രക്തസാക്ഷിത്വം വഹിച്ച മഹദ് വ്യക്തിയുമായ ശഹീദ് ഹസനുൽ ബന്നാ തീവ്രവാദ പ്രസ്ഥാനത്തിന്റെ നേതാവുമാണത്രെ!

ഇഖ്‌വാൻ സ്ഥാപകനേതാവ് ഹസനുൽ ബന്നാ ബ്രിട്ടീഷ് വിരോധിയായിരുന്നുവെന്നും അദ്ദേഹത്തെ ബ്രിട്ടീഷുകാർ ഗൂഢമായി വധിച്ചതാണെന്നും നേരത്തെ തുറന്നു സമ്മതിച്ച (*സിറാജ്* 16.3.2010) രണ്ടത്താണി, 'അഹമദിസം, അൽഖാഇദ, താലിബാൻ, ലശ്കറെ ത്വയ്യിബ തുടങ്ങിയ

സംഘങ്ങളോടൊപ്പം ചേർത്തുവെച്ച് ഇഖ്‌വാനുൽ മുസ്‌ലിമൂനെയും സാമ്രാജ്യത്വ ശക്തികളുടെ ഏജന്റായി മുദ്രകുത്തുന്നു.

രണ്ടത്താണിക്കും സഹയാത്രികർക്കും പഥ്യമുള്ള ഇസ്‌ലാം, അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിറഞ്ഞ സാമൂഹിക- സാമ്പത്തിക- രാഷ്ട്രീയ മണ്ഡലങ്ങളിലേക്കൊന്നും പ്രവേശനമില്ലാത്ത, അതത് കാലഘട്ടത്തിലെ ഭരണാധികാരികൾക്ക് ശിങ്കിടി പാടുന്ന 'സാധു' ഇസ്‌ലാമാണ്.അക്രമിയായ ഭരണാധികാരിക്ക് മുമ്പിൽ സത്യം തുറന്നു പറയുന്നത് ഏറ്റവും വലിയ ജിഹാദെന്ന് പഠിപ്പിച്ച, ഭൂമിയിൽ അടിച്ചമർത്തപ്പെടുകയും നീതിനിഷേധിക്കപ്പെടുകയും ചെയ്യപ്പെടുന്നവർക്ക് വേണ്ടി സമര സജ്ജരാവാൻ ആഹ്വാനം ചെയ്യുന്ന വിപ്ലവകരമായ ധീരോദാത്ത ഇസ്‌ലാമിനെയാണ് നവോത്ഥാന നായകർ മുന്നോട്ടുവെച്ചത്. രണ്ടത്താണി പ്രകീർത്തിക്കുന്ന വിധത്തിലുള്ള സാംസ്കാരിക ഇസ്‌ലാമിന്റെ സ്തുതിപാഠകർക്ക് ഈ വിപ്ലവ ഇസ്‌ലാമിനെ ഉൾക്കൊള്ളാൻ കഴിയാതെ പോവുന്നത് സ്വാഭാവികം!

മുസ്‌ലിം ലീഗ്-ജമാഅത്തെ ഇസ്‌ലാമി ചർച്ചയുടെ പശ്ചാത്തലത്തിൽ ഇരു കക്ഷികളെയും കളിയാക്കുന്ന ലേഖകൻ, പ്രസ്ഥാനത്തിന്റെ സാഹിതീ സേവനത്തെ മുക്തകണ്ഠം പ്രശംസിക്കുന്നതിലും ഒരു പിശുക്കും കാണിച്ചിട്ടില്ല. ലേഖകൻ എഴുതുന്നു: "മലയാള സാഹിത്യത്തെ ജമാഅത്ത് സമ്പുഷ്ടമാക്കി. നിരവധി പുസ്തകങ്ങൾ സംഭാവന ചെയ്തു. ആരും നിനക്കാതിരുന്ന കാലത്താണ് ഒരു സ്വതന്ത്ര മലയാള പത്രവുമായി ജമാഅത്ത് രംഗത്തെത്തിയത്. ഇസ്‌ലാമിക വിജ്ഞാനകോശവും എടുത്തു പറയേണ്ടതാണ്. ആശയരംഗത്ത് മൗദൂദിയെ അംഗീകരിക്കാത്തവർ പോലും അവരുടെ സാഹിത്യ സൃഷ്ടികളെ അവലംബിച്ചുപോരുന്നു" (സിറാജ് 25.5.2010).

റഹ്മാൻ മധുരക്കുഴി

## സംസ്കാരമില്ലാത്ത നാഗരികതകൾ

**'സംസ്കാരവും** നാഗരികതയും തമ്മിൽ' എന്ന ലേഖനം (2010 മെയ് 22) വായിച്ചു. സംസ്കാരവും അതിൽനിന്ന് ഉടലെടുത്ത നാഗരികതയും തമ്മിലുള്ള അന്തരം ലേഖനം വ്യക്തമാക്കുന്നു. സംസ്കാരത്തിന്റെ പ്രത്യേകതകളാൽ ഉടലെടുക്കുന്ന നാഗരികതകൾ ജീവിതത്തിന് മാറ്റുകൂട്ടുന്നു. പാശ്ചാത്യ, പൗരസ്ത്യ, ഗ്രീക്ക്, റോമൻ, അറേബ്യൻ സംസ്കാരങ്ങൾ തുടങ്ങി എല്ലാ സംസ്കാരങ്ങളും തമ്മിൽ ഏറ്റുമുട്ടലുകൾ ഉണ്ടാകുന്നു. എന്നാൽ ഒന്ന് മറ്റൊന്നിനെ ഇല്ലായ്മ ചെയ്യുന്നില്ല. എല്ലാ നാഗരികതകൾക്കും പൊതുവായ ഗുണങ്ങൾ ഉണ്ടെങ്കിലും തെറ്റായ സംസ്കാരങ്ങളെ പിന്തുടരുന്നതിനാൽ തെറ്റായ മാർഗത്തിലേക്ക് തിരിയുന്നു. സമൂഹത്തിന്റെ ഭൗതികവും ആത്മീയവുമായ കാര്യങ്ങളെയാണ് സംസ്കാരം ഉയർത്തിപ്പിടിക്കുന്നത്. എന്നാൽ ലോകത്ത് ഒരു പ്രത്യേക സംസ്കാരം ആധിപത്യം പുലർത്തിവരുന്നതിന്റെ കാരണം എന്താണ് എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

ആധുനിക ജീവിതത്തിൽ സംസ്കാരമെന്നാൽ നാഗരികതയെന്നും നാഗരികതയെന്നാൽ സംസ്കാരവുമാണെന്ന ധാരണയാണ് അധികപേർക്കും. പാശ്ചാത്യരുടെ കണ്ണഞ്ചിക്കുന്ന നാഗരികതയും ടെക്നോളജിയും ഏതൊരു സംസ്കാരത്തിനും വെല്ലുവിളി ഉയർത്തുന്നുണ്ട്. ആഗോളവത്കരണത്തിന്റെ ഫലമായി ഉടലെടുത്ത ഒരു ലോകസംസ്കാരം അപകടം ക്ഷണിച്ചുവരുത്തുന്നു; ഒരു സംസ്കാരത്തെ മറ്റൊന്നിനുമേൽ അടിച്ചേൽപിക്കുന്നു. ആത്മീയ ജീവിതത്തിന്റെ എല്ലാ വശങ്ങളും എടുത്തുമാറ്റിയ, ഭൗതിക സുഖസൗകര്യങ്ങൾ മാത്രം ഉള്ളടങ്ങിയ അത്യാധുനിക സംസ്കാരം അപകടമാണ്. ഇസ്‌ലാം ഒരു സമ്പൂർണ സംസ്കാരത്തിന് രൂപം നൽകി. അത് ആദർശ സംസ്കാരം ആയിരുന്നു. അത് ലോകത്ത് ഉയർന്നുനിന്നു. എല്ലാ പ്രവാചകന്മാരും ആദർശസംസ്കാരത്തിന്റെ മാതൃകകളാണ് കാട്ടിത്തരുന്നത്.

പി.വി മുഹമ്മദ് ഈസ്റ്റ് മലയമ്മ

## അറിവിന്റെ ആർജവം തരുന്ന ശാസ്ത്രം

**ഏതാണ്ട്** ശാസ്ത്രം എത്തിനിൽക്കുന്നിടം വരെ ഓടിച്ചുപോകുന്ന നല്ലൊരു ലേഖനമാണ് 'മതം, ശാസ്ത്രം, യുക്തിവാദം'(2010 ജൂൺ 5). എന്നാൽ യുക്തിവാദത്തിന്റെ കാര്യത്തിൽ അത്രകണ്ടങ്ങ് എത്തുന്നില്ല. കാരണം യുക്തിമാത്ര നിഷ്ഠമായ സമീപനമല്ല യുക്തിവാദം. ശാസ്ത്രമാണ് അതിന്റെ ആധാരം. ശാസ്ത്രത്തിൽ പ്രതിസന്ധി ഉണ്ടായെന്ന തോന്നൽ പല ഘട്ടങ്ങളിലുമുണ്ടായിട്ടുണ്ട്. ലെനിൻ ഈ പ്രവണതയെ അതിനിശിതമായി വിമർശിച്ചിട്ടുണ്ട്. യുക്തിവാദത്തിൽ ഇതുവരെ പ്രപഞ്ച വീക്ഷണപരമായ കുഴപ്പമൊന്നുമുണ്ടായിട്ടില്ല. കാരണം ശാസ്ത്രം മാറുന്നതിനനുസരിച്ച് യുക്തിവാദവും മാറുമെന്നതു തന്നെ. തന്മൂലം യുക്തിവാദം ഒരിക്കലും ശാസ്ത്രവിരുദ്ധമായി തീരുകയില്ല.

ഒരണുവിൽ ഭൂരിഭാഗവും (99.99 ശതമാനം) ശൂന്യമാണ്. ഈ ശൂന്യതയാകട്ടെ ഊർജത്തിന്റെ ഒരു കലവറയാണ്. അതുകൊണ്ട് മറ്റാർക്കെങ്കിലും ഇവിടെ കൂടുതൽ സൗകര്യപ്രദമായി ദൈവത്തെ കടത്തിവിടാൻ സാധിക്കും. പക്ഷേ, എന്തുതന്നെ ആയാലും മറ്റു ഘടകങ്ങളോടൊപ്പം ശാസ്ത്ര പരീക്ഷണങ്ങളുടെ സമസ്ത ഘട്ടങ്ങളിലും യുക്തിപരമായ വിശകലനം അനിവാര്യമായി വരും. ജീവിതത്തിന്റെ

സമസ്ത മേഖലകളിലും വിശ്വാസത്തിന്റെയും ആചാരങ്ങളുടെയും കാര്യങ്ങളിൽ പോലും യുക്തിവാദികളേക്കാൾ നന്നായി യുക്തിചിന്ത പ്രയോഗിക്കുന്നവരാണ് യുക്തിവാദ വിമർശകർ. അറിവിന്റെ ആർജവം തരുന്ന ശാസ്ത്രത്തിന് താങ്ങുകൊടുക്കുന്നത് യുക്തിചിന്തയാണെന്നത് ഏവരും സമ്മതിക്കും.

കണങ്ങളും പ്രതികണങ്ങളും വെർച്വൽ പാർട്ടിക്ൾസും പദാർഥികമല്ലെന്ന് ശാസ്ത്രം തെളിയിച്ചിട്ടില്ല. അതെങ്ങനെയാണ് തെളിയിക്കുക? ഊർജരൂപമായ പദാർഥമോ പദാർഥരൂപമായ ഊർജമോ അവയുടെ പല പല രൂപങ്ങളോ അല്ലാതെ മറ്റെന്താണ് പ്രപഞ്ചത്തിലുള്ളത്? ലേഖകൻ ഉദ്ധരിച്ചതുപോലെ 'എല്ലാം പരമാണുക്കളാൽ നിർമിതമായിരിക്കുന്നു'വെന്ന് പറയുന്നതല്ലേ ശരി.

ഗോപിനാഥ് മേപ്പയിൽ വടകര

# വിവാദങ്ങൾക്കപ്പുറം

**ജമാഅത്തെ** ഇസ്‌ലാമിയും സോളിഡാരിറ്റിയും കേരളത്തിലെ പത്രങ്ങളിലും ടി.വി ചാനലുകളിലും വിമർശനങ്ങൾക്കും വിലയിരുത്തലുകൾക്കും വിധേയമായിക്കൊണ്ടിരിക്കുന്നു. കിനാലൂർ സംഭവം ഒരു നിമിത്തം മാത്രമാണെങ്കിലും വരുന്ന തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിൽ പങ്കെടുക്കാൻ ജനകീയ വികസന മുന്നണി തീരുമാനിച്ചതാണ് രാഷ്ട്രീയ പാർട്ടികളെ പ്രകോപിതരാക്കിയത്.

മുസ്‌ലിം ലീഗിനെ പോലുള്ള സംഘടനകൾ ജമാഅത്തെ ഇസ്‌ലാമിക്കെതിരെ വാളോങ്ങുന്നത് എന്തടിസ്ഥാനത്തിലാണ്? തെരഞ്ഞെടുപ്പിൽ തങ്ങൾക്ക് സംഭവിക്കാൻ പോകുന്ന വോട്ടുനഷ്ടം തന്നെയാണ് ലീഗ് നേതാക്കളെ ഭയപ്പെടുത്തുന്നത്. 'മുസ്‌ലിം രാഷ്ട്രീയം ഞങ്ങൾക്ക് വിട്ടുതരണം. അതിലേക്ക് കടന്നുവരാൻ മറ്റാരെയും അനുവദിക്കില്ല' എന്നൊക്കെയുള്ള പ്രസ്താവനകളിൽ അഹന്തയുടെ ലാഞ്ഛനയുണ്ട്. ജനകീയ വികസന മുന്നണിയും മറ്റും തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നത് മുഖേന ഇടപെടാൻ പോകുന്നത് 'സാമുദായിക രാഷ്ട്രീ'യത്തിന്റെ ഭൂമികയിലാണെന്ന് ലീഗ് ജനറൽ സെക്രട്ടറിയോട് ആരാണ് പറഞ്ഞത്?

ഇന്ത്യയിലെ എല്ലാ മനുഷ്യർക്കും വേണ്ടിയുള്ള, അവരുടെ നന്മയും പുരോഗതിയും ലക്ഷ്യം വെച്ചുള്ള മാനവിക രാഷ്ട്രീയത്തിനു വേണ്ടിയാണ് ഇസ്‌ലാമിക പ്രസ്ഥാനം ശ്രമിക്കുന്നത്. നീതിയിലും ധാർമികതയിലും അധിഷ്ഠിതമായ, അഴിമതിമുക്തവും സത്യസന്ധവുമായ ഒരു രാഷ്ട്രീയ സംവിധാനം. അതാകട്ടെ ഇസ്‌ലാമിക പ്രസ്ഥാനം ഉയർത്തിപ്പിടിക്കുന്ന ആദർശത്തിന്റെ ഭാഗവുമാണ്. അല്ലാതെ ഒരു സമുദായത്തിന്റെ പേര് പറഞ്ഞ് വോട്ടു ബാങ്ക് ഉറപ്പിക്കുകയും അത് മുഖേന ലഭിക്കുന്ന അധികാരവും സ്ഥാനമാനങ്ങളും സ്വാർഥ താൽപര്യങ്ങൾക്ക് വേണ്ടി വിനിയോഗിക്കുകയും ചെയ്യാനല്ല. മുസ്‌ലിം സമുദായത്തിന്റെ മാത്രം പുരോഗതി ഒരിക്കലും പ്രസ്ഥാനം ലക്ഷ്യമായി അംഗീകരിച്ചിട്ടില്ല.

പ്രസ്ഥാനത്തിന് ഈ ചർച്ചകൾ അനുകൂലമായി ഭവിക്കും. പ്രസ്ഥാനം ഉയർത്തിപ്പിടിക്കുന്ന ആദർശവും ആശയങ്ങളും നയനിലപാടുകളും പൊതുജനങ്ങളെ പരിചയപ്പെടുത്താനുള്ള ഒരു സുവർണാവസരമാണ് കൈവന്നിരിക്കുന്നത്. പത്രങ്ങളിലൂടെയും ചാനലുകളിലൂടെയും കണ്ടും കേട്ടുമറിഞ്ഞ ജമാഅത്തെ ഇസ്‌ലാമിയെക്കുറിച്ച് കൂടുതൽ അറിയാൻ താൽപര്യപ്പെടുന്ന എത്രയോ നിഷ്പക്ഷരായ ആളുകൾ കേരളത്തിലുണ്ടാവും. ഇനിയും പ്രസ്ഥാനത്തിന്റെ സന്ദേശം കടന്നുചെന്നിട്ടില്ലാത്ത പ്രദേശങ്ങളിലും വ്യക്തികൾക്കും അത് പകർന്നു കൊടുക്കുകയെന്ന ബാധ്യത ഏറ്റെടുക്കാൻ സാധിക്കേണ്ടതുണ്ട്.

പി.പി ഇഖ്ബാൽ
ദോഹ, ഖത്തർ